പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 227 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി .സി പെൻഷൻ

ചോദ്യം

ശ്രീ. സി.മമ്മൂട്ടി

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൽ.ഡി.എഫ് ന്റെ പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി പെൻഷൻ മുടക്കം കൂടാതെ നൽകാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി യിൽ ശമ്പളവും പെൻഷനും മുടങ്ങാതെ വിതരണം ചെയ്യുന്നതിന് സർക്കാർ പരിശ്രമിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം മാത്രം 690 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 685 കോടി റിലീസ് ചെയ്തിട്ടുണ്ട്. 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. സർക്കാർ 60 കോടി രൂപ കൂടി നൽകിയതിനെ തുടർന്ന് നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്തു. കുടിശ്ശിക ഇല്ലാതെ മുഴുവൻ പെൻഷനും അനുവദിച്ചു നൽകുന്നതിനുള്ള പരിശ്രമത്തിലാണ്. |
| (ബി) | പെൻഷൻ മുടക്കം കൂടാതെ നൽകാത്തതിനെതിരെ ഭരണപക്ഷ നിലപാടു സ്വീകരിക്കുന്ന കെ. എസ്.ആർ.ടി.സി.യിലെ ഏതെങ്കിലും തൊഴിലാളി സംഘടന പ്രതിഷേധം അറിയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | പെൻഷൻ മുടക്കം കൂടാതെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി യിലെ തൊഴിലാളി സംഘടനകൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി യിൽ പെൻഷൻ നൽകിയതിനുശേഷം മാത്രം ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ